പ്രദേശത്തെ ജോലി സാദ്ധ്യതയും മറ്റും പഠിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ബോർഡിന്റെ അംഗീകാരത്തോടെ സർക്കാർ വിജ്ഞാപനത്തിനായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലാണ് ഈ നിയമം ഇനി കൂടുതൽ നടപ്പാക്കാനുള്ളത്. അപ്രകാരം എണ്ണൂറ്റി അമ്പതോളം പഞ്ചായത്ത് പ്രദേശങ്ങളിൽ ഇനി നിയമം നടപ്പാക്കാനുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും സ്കീം നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(സി) ആന്റ് (ഡി) കയറ്റിറക്ക് മേഖലയിൽ നിലനിൽക്കുന്ന ചില ആശാസ്യകരമല്ലാത്ത പ്രവണതകളായ അധികവേതനം ഈടാക്കുക, തൊഴിലുടമകളോട് നിർബന്ധപൂർവ്വം ജോലി ആവശ്യപ്പെടുക, ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിക്കുക, തൊഴിൽ തടസ്സപ്പെടുത്തുക തുടങ്ങിയ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമം ബാധകമാക്കാത്ത സ്ഥലങ്ങളിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. എങ്കിൽ സ്കീം നടപ്പിലാക്കിയ സ്ഥലങ്ങളിൽ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് തൊഴിൽ ചെയ്യാത്തവർക്ക് കൂലി കൊടുക്കേണ്ടതില്ല. നിയമത്തിലെ ഒമ്പതാം വകുപ്പനുസരിച്ച് ഏതൊരു തൊഴിലുടമയും കയറ്റിറക്ക് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിർണ്ണയിക്കപ്പെട്ട വേതനം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ അട്ടിമറിയെന്ന പേരിൽ അധിക കൂലി വാങ്ങുന്ന പ്രവണതയില്ല. ഇങ്ങനെ വാങ്ങുന്നതായി എന്തെങ്കിലും പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സ്കീം നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഇങ്ങനെയുള്ള പ്രവണതകൾ നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതാണ്.

## ഫാക്ടറികളിൽനിന്നും പുറത്താക്കപ്പെടുന്ന തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി

*11 [342] *ശ്രീ. എം. മുരളി :*

„ *കെ. മുഹമ്മദാലി :*

„ *കെ. പി. വിശ്വനാഥൻ :*

„ *ടി. എച്ച്. മുസ്തഫ :*

„ *തേറമ്പിൽ രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടച്ചുപൂട്ടുന്ന ഫാക്ടറികളിൽനിന്നും പീഡിതവ്യവസായങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്ന തൊഴിലാളികൾക്കുവേണ്ടി പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

2/3323/04

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; ഇതുവരെ ഇപ്രകാരം പുറത്താക്കപ്പെട്ട എത്ര തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (*ശ്രീ. ബാബു ദിവാകരൻ*) :

(എ) സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി അടഞ്ഞു കിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെയും, സിക്ക് യൂണിറ്റുകളിലെയും തൊഴിലാളികളുടെ പുനർപരിശീലനത്തിനും പുനരധിവാസത്തിനും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

(ബി) ഉദിക്കുന്നില്ല.

**ജലപാതകൾ ഉപയോഗിച്ച് ചരക്ക് ഗതാഗതം**

*12 [343] *ശ്രീ. ഉമേഷ് ചള്ളിയിൽ* :

" *ജോണി നെല്ലൂർ* :

" *കെ. കെ. ഷാജു* :

" *എ. എൻ. രാജൻ ബാബു* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലപാതകൾ ഉപയോഗിച്ച് ചരക്കുഗതാഗതം അനുവദിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (*ശ്രീ. കെ. ബി. ഗണേഷ് കുമാർ*) :

(എ) ഉണ്ട്.

(ബി) ജലപാതകളിൽകൂടിയുള്ള ചരക്കു ഗതാഗതം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി കോട്ടപ്പുറം മുതൽ കൊല്ലം വരെയുള്ള ദേശീയജലപാതയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജലപാതകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക, ടെർമിനലുകൾ നിർമ്മിക്കുക, ഇരുവശവും സംരക്ഷണഭിത്തികെട്ടുക, രാത്രിയിൽ ഗതാഗതത്തിനാവശ്യമായ സിഗ്നലുകളും ലൈറ്റുകളും സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു. കൂടാതെ റ്റി. എസ്.

LIBRARY ARCHIVES Kerala Legislative Assembly